# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 77** **05/02/2020-ലെ മറുപടി**

## വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.എസ്. ശിവകുമാർ | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| എ) | കേരള വാട്ടർ അതോറിറ്റി കനത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; ഇതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവ കാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിനു ഒരു പരിധിവരെ സഹായകമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വെള്ളക്കരമാണ് ജലഅതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. അവസാനമായി താരീഫ് പുതുക്കിയത് 2014 ലാണ്. 01.10.2014 പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി.വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.<br>സംഭരണ, ശുദ്ധീകരണ വിതരണവുമായി ബന്ധപ്പെട്ട ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിനു നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 23.72 രൂപ ചെലവ് വരുന്നു. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 9.50 രൂപയാണ്. മിനിമം ചാർജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽ നിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന്(1000 ലിറ്റർ) 4 രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിലും വിതരണത്തിലും വരുന്ന ചെലവിനെക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ള വിതരണം ചെയ്യുന്നതു വഴി കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് വന്നിട്ടുണ്ട് |

| | | | |
|---|---|---|---|
| ബി) | വാട്ടർ അതോറിറ്റി ചെലവ് ചുരുക്കൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നിലവിലുള്ള ഏതെങ്കിലും തസ്തിക നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഉണ്ട്. വാട്ടർ അതോറിറ്റിയിൽ ചില തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) | തസ്തിക നിർത്തലാക്കുന്നതിനോടൊപ്പം വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും ഓഫീസുകൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ; | സി) | ഇല്ല. |
| ഡി) | നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് അടിയന്തിരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥയിൽ കുടിശ്ശിക ഒടുക്കുവാനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിൽ (2019-20) സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ഉപഭോകതാക്കളിൽ നിന്നും 364.36 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ നിന്നും 123.55 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ റിങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട് . ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിങ്ങുകൾ നടത്തുന്നുണ്ട് . കൂടാതെ നേരിയ തോതിലുള്ള വെള്ളക്കര വർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിച്ച് നൽകണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ പ്രൊപ്പോസൽ, ഉപഭോക്താക്കൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പരിശോധിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ